07
ബുധൻ
ഡിസംബർ 2022
1198വൃശ്ചികം 20

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com



# ഒടുവിൽ സമവായം

## വിഴിഞ്ഞം സമരം പിൻവലിച്ചു; തീരുമാനം മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖത്തിനെതിരായ സമരം പിൻവലിച്ചു. ചൊവ്വാഴ്ച വൈകുന്നേരം മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിലാണ് തീരുമാനായത്. തത്കാലത്തേക്ക് സമരം നിർത്തുന്നുവെന്ന് സമരസമിതി അറിയിച്ചു. തുറമുഖ നിർമാണം നിർത്തില്ലെന്ന് സർക്കാർ സമരക്കാരെ അറിയിച്ചു.

സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുമെന്ന് ഉറപ്പ് ലഭിച്ചതായി ഫാദർ യൂജിൻ പെരേര അറിയിച്ചു. 'തീരശോഷണവും പദ്ധതിയുണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ചും പൊതുജനം വേണ്ടത്ര ബോധവാന്മാരല്ല. പഠനം നടത്തുകയും ആഘാതങ്ങൾ ബോധ്യപ്പെടുകയും ചെയ്താൽ സമരം മുന്നോട്ട് കൊണ്ടുപോകും', ഫാദർ യൂജിൻ പെരേര പറഞ്ഞു.

സമരത്തിന്റെ 140-ാം ദിവസത്തിലാണ് മുഖ്യമന്ത്രി പിണറായി വിജയൻ സമരക്കാരുമായി ചർച്ചനടത്തിയത്. അദാനി ഗ്രൂപ്പിന്റെ കേസ് ബുധനാഴ്ച ഹൈക്കോടതി പരിഗണിക്കാൻ ഇരിക്കെയാണ് സമരത്തിൽ സമവായമുണ്ടാവുന്നത്. തുറമുഖ നിർമ്മാണം നിർത്തിവെക്കണമെന്ന ആവശ്യം സർക്കാർ അംഗീകരിക്കാൻ തയ്യാറായില്ല. വീട് നഷ്ടമായവർക്കുള്ള വാടകയായ 5,500 രൂപ പൂർണ്ണമായും സർക്കാർ നൽകും. 8,000 രൂപയായിരുന്നു സമരക്കാരുടെ ആവശ്യം. പഠന സമിതിയിൽ പ്രാദേശിക പ്രതിനിധി വേണമെന്നതിലും തീരുമാനമായില്ല.

തീരശോഷണത്തിൽ കൂടുതൽ പഠനങ്ങൾ വേണമെന്ന് സമരസമിതി അറിയിച്ചു. ചീഫ് സെക്രട്ടറിയും മന്ത്രിസഭാ ഉപസമിതിയും സമരസമിതിയുമായി ചർച്ച നടത്തിയിരുന്നു. ഇതിന് ശേഷമാണ് സമരക്കാർ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്.

## നർത്തകി മല്ലികാ സാരാഭായ് കലാമണ്ഡലം ചാൻസലർ; സർക്കാർ ഉത്തരവിറക്കി

**തിരുവനന്തപുരം:** പ്രശസ്ത നർത്തകി മല്ലികാ സാരാഭായിയെ കലാമണ്ഡലം കല്പിത സർവകലാശാലയുടെ ചാൻസലറായി നിയമിച്ചു. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കി. സാമൂഹിക പരിവർത്തനത്തിന് കലയേയും സാഹിത്യത്തേയും പ്രയോജനപ്പെടുത്തണമെന്ന വലിയ കാഴ്ചപ്പാടുള്ള കലാകാരിയാണ് മല്ലികാ സാരാഭായ് എന്ന് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു.



സർവകലാശാലകളുടെ ചാൻസലറായി വിഷയത്തിൽ പ്രഗത്ഭരായവരെ നിയമിക്കണമെന്ന സർക്കാർ തീരുമാനത്തിന്റെ ഭാഗമായാണ് മല്ലികാ സാരാഭായിയെ കലാമണ്ഡലം ചാൻസലറായി നിയമിക്കാൻ തീരുമാനിച്ചതെന്ന് വി.എൻ. വാസവൻ അറിയിച്ചു. മല്ലികാ സാരാഭായിയുമായി ആശയം വിനിമയം നടത്തുകയും അവർ താത്പര്യമറിയിക്കുകയും ചെയ്തതിനെത്തുടർന്നാണ് നിയമനമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

നേരത്തെ പ്രത്യേക ഉത്തരവിലൂടെ സർവകലാശാലയുടെ ചാൻസലർ സ്ഥാനത്തുനിന്ന് ഗവർണറെ സർക്കാർ നീക്കിയിരുന്നു. ചാൻസലറുടെ കാര്യത്തിൽ കല്പിത സർവകലാശാലയുടെ സ്പോൺസറിങ് ഏജൻസിക്ക് തീരുമാനമെടുക്കാമെന്നാണ് യു.ജി.സിയുടെ വ്യവസ്ഥ. കലാമണ്ഡലത്തിന്റെ സ്പോൺസറിങ് ഏജൻസി സർക്കാരായതിനാലാണ് ഗവർണറെ നീക്കാൻ പ്രത്യേക ഉത്തരവിറക്കാൻ സാധിച്ചത്.

കലാ-സാംസ്കാരിക മേഖലയിലെ പ്രമുഖ വ്യക്തിത്വമായിരിക്കും ചാൻസലറായി നിയമിക്കപ്പെടുകയെന്ന് സർക്കാർ അറിയിച്ചിരുന്നു. അഞ്ചുവർഷത്തേക്കായിരിക്കും നിയമനം. ചാൻസലർക്ക് 75 വയസ്സ് പ്രായപരിധിയും നിശ്ചയിച്ചിരുന്നു. പ്രശസ്ത നർത്തകി മൃണാളിനി സാരാഭായിയുടേയും ബഹിരാകാശ ശാസ്ത്രജ്ഞൻ വിക്രം സാരാഭായിയുടേയും മകളായി ജനിച്ച മല്ലിക സാരാഭായി ഭരതനാട്യത്തിലും കുച്ചുപ്പുടിയിലും ലോകം അംഗീകരിച്ച നർത്തകിയാണ്. നാടകം, സിനിമ, ടെലിവിഷൻ, സാഹിത്യം, പ്രസാധനം, സംവിധാനം എന്നീ മേഖലകളിലും അവർ തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്.

## ആനക്കൊമ്പ് കേസിൽ മോഹൻലാൽ നിയമ ലംഘനം നടത്തിയിട്ടില്ലെന്ന് സർക്കാർ; സാധാരണക്കാരനായിരുന്നെങ്കിൽ ഇപ്പോൾ ജയിലിനുള്ളിലായേനെയെന്ന് കോടതി

**കൊച്ചി:** ആനക്കൊമ്പ് കൈവശം വെച്ചതിന് മോഹൻലാലിനെതിരായ കേസിൽ താരം നിയമലംഘനം നടത്തിയിട്ടില്ലെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. ചരിഞ്ഞ നാട്ടാനയുടെ കൊമ്പാണ് മോഹൻലാൽ കൈവശം വെച്ചതെന്നും സർക്കാർ കോടതിയിൽ വാദിച്ചു. എന്നാൽ സാധാരണക്കാരനാണ് ഇത്തരത്തിൽ ആനക്കൊമ്പ് കൈവശം വെയ്ക്കുന്നതെങ്കിൽ ഇളവ് അനുവദിക്കുമോ എന്ന് കോടതി സർക്കാർ നിലപാടിനെ ചോദ്യം ചെയ്തു. കേസിൽ പ്രതിയായതിന് ശേഷമാണ് താരത്തിന് ആനക്കൊമ്പിന്റെ ഉടമസ്ഥാവകാശം നൽകിയതെന്നും കോടതി ചൂണ്ടിക്കാട്ടി. ഒരു സാധാരണക്കാരനായിരുന്നു ഈ സ്ഥാനത്തെങ്കിൽ എപ്പോഴെ ജയിലിനുള്ളിലായേനെ എന്നും കോടതി പറഞ്ഞു.




എന്നാൽ ചരിഞ്ഞ ആനയുടെ കൊമ്പ് കൈവശം വെച്ചതിനാൽ തന്നെ വൈൽഡ് ലൈഫ് ആക്ടിന്റെ ലംഘനമായി കേസിനെ പരിഗണിക്കാനാകില്ല എന്ന് മോഹൻലാലിനായി അഭിഭാഷകൻ കോടതിയിൽ വാദിച്ചു. ആനക്കൊമ്പ് കേസ് പിൻവലിക്കാനുള്ള പ്രോസിക്യൂഷൻ ഹർജി തള്ളിയതിനെ തുടർന്നാണ് താരം ഹൈക്കോടതിയെ സമീപിച്ചത്.

2012 ജൂണിൽ മോഹൻലാലിന്റെ തേവരയിലെ വസതിയിൽ നിന്നാണ് ആദായ നികുതി വകുപ്പ് നാല് ആനക്കൊമ്പുകൾ പിടിച്ചെടുത്തത്. രണ്ടു ജോഡി ആനക്കൊമ്പുകൾ 2011 ഡിസംബർ 21 ന് പിടികൂടിയെങ്കിലും ആറു മാസം കഴിഞ്ഞ് 2012 ജൂൺ 12 നാണ് കേസ് എടുത്തത്. ആനക്കൊമ്പുകൾ വനം വകുപ്പിന് കൈമാറുകയും മോഹൻലാലിനെ പ്രതിയാക്കി വനംവകുപ്പ് കേസെടുക്കുകയും ചെയ്തിരുന്നു. 2015ൽ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്താണ് മോഹൻലാലിന് ആനക്കൊമ്പ് കൈവശം വയ്ക്കുന്നതിനുള്ള അനുമതി നൽകിയത്

## അതിഥികളും സ്ത്രീകളും ദൈവത്തിന് സമം ; കൊല്ലപ്പെട്ട ലാത്വിയൻ യുവതിയുടെ സഹോദരിയ്ക്ക് സർക്കാർ നഷ്ടപരിഹാരം നൽകണമെന്ന് കോടതി

**തിരുവനന്തപുരം:** കോവളത്ത് ബലാത്സംഗം ചെയ്ത് കൊല്ലപ്പെട്ട വിദേശ വനിതയുടെ സഹോദരിയ്ക്ക് സർക്കാർ അർഹമായ നഷ്ടപരിഹാരം നൽകണമെന്ന് കോടതി.10 ലക്ഷത്തിൽ താഴാതെയുള്ള തുക നഷ്ടപരിഹാരയിനത്തിൽ നൽകണമെന്നാണ് ഉത്തരവ്.



വിദേശ വനിത കൊല്ലപ്പെട്ടതായി ബോദ്ധ്യപ്പെടാനിടയായ 19 കാര്യങ്ങൾ ചൂണ്ടിക്കാട്ടിയുള്ള കോടതി ഉത്തരവ് സ്ത്രീകളെയും അതിഥികളെയും ദൈവത്തെപ്പോലെ കാണണമെന്ന ശ്ളോകങ്ങൾ മുൻനിർത്തിയായിരുന്നു. സ്ത്രീകൾ എവിടെ ബഹുമാനിക്കപ്പെടുന്നുവോ അവിടെ ദൈവം പ്രസാദിക്കുന്നുവെന്നും അതിഥികളെ ദൈവത്തെ പോലെ കാണണം എന്നും കോടതി പറഞ്ഞു.

വിവിധ വകുപ്പുകൾ ചേർത്താണ് കോടതി പ്രതികൾ ജീവിതാവസാനം വരെ ജീവപര്യന്തം തുടരണമെന്നത് വിധിച്ചിട്ടുള്ളത്. ഇതുകൂടാതെ 1,65,000 രൂപ വീതം പിഴയും പ്രതികൾ ഒടുക്കണം..ശിക്ഷാവിധിയെ ലോകം ഉറ്റുനോക്കുകയാണെന്നും പ്രതികൾക്ക് പരമാവധി ശിക്ഷ നൽകണമെന്നും പ്രോസിക്യൂഷൻ ആവശ്യപ്പെട്ടിരുന്നു. കേസ് അപൂർവങ്ങളിൽ അപൂർവമാണ്. എന്നാൽ പ്രതികളുടെ പ്രായം കോടതിക്ക് പരിഗണിക്കാം. കൊല്ലപ്പെട്ട യുവതിയുടെ കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകാൻ സർക്കാരിനോട് നിർദ്ദേശിക്കണം. ഈ സംഭവത്തിലൂടെ രാജ്യത്തിനു തന്നെ മോശം പ്രതിച്ഛായയുണ്ടായി. കേരളത്തിലെത്തിയ വിനോദസഞ്ചാരി മാനഭംഗത്തിന് ഇരയായി കൊല്ലപ്പെടുന്നത് ആദ്യമാണ്. ശിക്ഷായിളവ് നൽകിയാൽ സമൂഹത്തിന് തെറ്റായ സന്ദേശം നൽകുമെന്നും പ്രോസിക്യൂട്ടർ മോഹൻരാജ് കോടതിയെ അറിയിച്ചിരുന്നു.


എന്നാൽ രണ്ടു സെന്റ് വസ്തുവിൽ താമസിക്കുന്നവരിൽനിന്ന് എങ്ങനെ വലിയ നഷ്ടപരിഹാരം ഈടാക്കുമെന്ന് കോടതി ചോദിച്ചു. സർക്കാരിൽനിന്ന് സഹായം ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് പ്രോസിക്യൂഷൻ മറുപടി നൽകി. ഇതിനെ തുടർന്നാണ് കേരള വിക്ടിം കോമ്പൻസേഷൻ സ്കീം പ്രകാരം സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകാൻ കോടതി നിർദേശിച്ചത്.

അതേ സമയം കോടതി കേസിലെ പ്രതികൾക്ക് തടവുശിക്ഷ വിധിച്ചതിന് പിന്നാലെ നീതി നടപ്പാക്കാൻ ഒപ്പം നിന്ന എല്ലാവർക്കും കോവളത്ത് കൊല്ലപ്പെട്ട വിദേശ വനിതയുടെ സഹോദരി നന്ദി അറിയിച്ചു. കോടതി വിധിയിൽ സന്തോഷമുണ്ടെന്നും അവർ പറഞ്ഞു. യുവതിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ പ്രതികളായ ഉമേഷ്, ഉദയകുമാർ എന്നിവർക്ക് ജീവപര്യന്തം തടവും പിഴയുമാണ് കോടതി വിധിച്ചത്. ജീവിതാവസാനം വരെ പ്രതികൾ ശിക്ഷ അനുഭവിക്കണമെന്നതാണ് വിധി.




### ആശാൻ

വിഴിഞ്ഞം സമരം പിൻവലിച്ചു; തീരുമാനം മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ..



എല്ലാം ഒരു സമവായം

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.

പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651
ജോത്സ്യൻ : ജി. എൻ. ബാബുജി
ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ട മംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം
മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## അടിയന്തരമായി പരിഹാരം കാണേണ്ട പ്രശ്നം തന്നെയാണിത്

ആറുരൂപയ്ക്ക് ഒരു കട്ടൻചായപോലും കിട്ടാത്ത ഇവിടെ സ്കൂൾ ഉച്ചഭക്ഷണം തയ്യാറാക്കാൻ കുട്ടി ഒന്നിനു നൽകുന്ന സർക്കാർ വിഹിതം ആറോ എട്ടോ രൂപയാണെന്നു കേൾക്കുമ്പോൾ അവിശ്വസനീയമായി തോന്നും. പക്ഷേ സത്യമതാണ്. പണ്ടെന്നോ നിശ്ചയിച്ച ഈ തുകപോലും കൃത്യമായി ലഭിക്കുകയില്ലെന്നു വന്നാലോ? ഉച്ചഭക്ഷണ വിതരണത്തിന്റെ ചുമതലക്കാരായ ഹെഡ്മാസ്റ്റർമാർ ഉദാരമതികളുടെ സഹായത്തോടെ വല്ലവിധേനയും ഈ പുണ്യപ്രവൃത്തി മുടങ്ങാതെ നടത്തിക്കൊണ്ടുപോകുകയാണ്. എന്നും ലഭിക്കുന്ന ഉച്ചഭക്ഷണത്തിനായി കുട്ടികൾ നിരന്നിരിക്കുമ്പോൾ അവരുടെ മുമ്പിൽ അദ്ധ്യാപകർക്ക് എങ്ങനെ കൈമലർത്താനാകും. ഭക്ഷണത്തിനുള്ള സർക്കാർ വിഹിതം മുടങ്ങിയതുകൊണ്ടാണ് ആഹാരം നൽകാത്തതെന്നു കുട്ടികളോടു പറയാനാവില്ലല്ലോ. അതുകൊണ്ടാണ് അവർ സുമനസുകളുടെ സഹായത്തോടെ വല്ലവിധേനയും പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നത്.

സർവസാധനങ്ങളുടെയും വില വാനോളം ഉയർന്നിരിക്കുന്ന ഇക്കാലത്ത് സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള വിഹിതം കൂട്ടേണ്ടത് ന്യായമായ ആവശ്യമാണ്. കൂട്ടാമെന്ന് ഇടയ്ക്കിടെ വാഗ്ദാനം നൽകുന്നതല്ലാതെ നടപടിയൊന്നുമില്ല. ഒരു കുട്ടിക്ക് പത്തുരൂപയെങ്കിലും അനുവദിക്കണമെന്നു കാണിച്ച് വിദ്യാഭ്യാസവകുപ്പ് ധനവകുപ്പിന് നോട്ട് നൽകി കാത്തിരിക്കാൻ തുടങ്ങിയിട്ട് ഏറെനാളായി. വലിയ വലിയ കാര്യങ്ങളുമായി കെട്ടിമറിയുന്നതിനിടയിൽ ധനവകുപ്പിന് പള്ളിക്കൂടം പിള്ളേരുടെ വിശപ്പു കാണാൻ കണ്ണുമില്ല, മനസുമില്ല. ഒരു രൂപയുടെ അധികച്ചെലവ് പോലും അനുവദിക്കാൻ ഖജനാവിന്റെ സ്ഥിതി സമ്മതിക്കുന്നില്ലെന്നതാണ് ധനവകുപ്പിന്റെ പ്രഖ്യാപിത നിലപാട്. സ്കൂൾ ഉച്ചഭക്ഷണത്തിന്റെ കാര്യമായാലും അഗതി പെൻഷന്റെ കാര്യമായാലും നിലപാട് ഒന്നുതന്നെ. കുട്ടികളുടെ വിശപ്പിന്റെ വിളി കേട്ടാലും തെല്ലുപോലും അലിയാത്ത ശിലാഹൃദയമുള്ളവരാണ് അവിടെയുള്ളത്. അല്ലെങ്കിൽ പ്രഥമാദ്ധ്യാപകർ സർക്കാരിന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ ഡിസംബർ ആറിന് നിരാഹാര സമരത്തിന് ഇറങ്ങേണ്ടിവരുമായിരുന്നില്ല.

ഉച്ചഭക്ഷണത്തിനുള്ള കുട്ടികളുടെ എണ്ണം നോക്കിയാണ് വിഹിതം നിശ്ചയിച്ചിട്ടുള്ളത്. അഞ്ഞൂറിൽ താഴെ കുട്ടികളേ ഉള്ളുവെങ്കിൽ ഒരു കുട്ടിക്ക് ആറുരൂപ വച്ച് നൽകും. അഞ്ഞൂറിലധികമാണെങ്കിൽ എട്ടു രൂപ വച്ചും. ഇന്ധനച്ചെലവും പാചകക്കാർക്കുള്ള കൂലിയുമടക്കം ഇതിൽ നിന്നാണു നൽകേണ്ടത്. കൈകാര്യ ചെലവ് എന്ന പേരിലാണ് ഈ തുക നൽകുന്നത്

ഒരു കുട്ടിക്ക് പതിനഞ്ചുരൂപ എന്ന തോതിലെങ്കിലും വിഹിതം ഉറപ്പാക്കിയാലേ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി തെറ്റില്ലാതെ മുന്നോട്ടുകൊണ്ടുപോകാനാവൂ എന്നാണ് ഇതിന്റെ ചുമതലക്കാരായ അദ്ധ്യാപകരുടെ നിലപാട്. ഈ ആവശ്യം അന്യായമാണെന്നു പറയാൻ ആർക്കും കഴിയില്ല. കാരണം എല്ലാ മേഖലകളിലുമുള്ള വിലക്കയറ്റത്തിൽ നിന്ന് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയും മുക്തമല്ലെന്ന് ഓർക്കണം. എല്ലാ മാസവും കടമെടുത്ത് ആവശ്യങ്ങൾ നിറവേറ്റുന്ന സർക്കാരിന് കുട്ടികളുടെ ഉച്ചഭക്ഷണം മുടങ്ങുന്ന സാഹചര്യമുണ്ടാകാതെ നോക്കാനുള്ള ഉത്തരവാദിത്വമുണ്ട്. ഉച്ചഭക്ഷണച്ചെലവിന്റെ അറുപതുശതമാനം കേന്ദ്ര വിഹിതമാണെന്ന വസ്തുതയും മറന്നുകൂടാ. പ്രഥമാദ്ധ്യാപകർ സ്ഥിരമായി നാട്ടിലെ ഉദാരമതികളുടെ സഹായം തേടി ഉച്ചഭക്ഷണ പരിപാടി മുടക്കമില്ലാതെ കൊണ്ടുപോകണമെന്നു ശഠിക്കാനാവില്ല. സർക്കാർ തന്നെ അഭിമാന സാമൂഹികസുരക്ഷാ പദ്ധതികളിലൊന്നായി ഗണിക്കുന്നതാണിത്. ഒരു ദിവസം പോലും അതിനു മുടക്കം വരാതെ നോക്കേണ്ടതും സർക്കാരിന്റെ ചുമതലയാണ്. ആറും എട്ടും രൂപ നിശ്ചയിച്ചിട്ടുള്ളതുതന്നെ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതിയും നിലനിൽക്കുകയാണ്. വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായി പാചകത്തൊഴിലാളികളും സമരപാതയിലാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ പറഞ്ഞ് മാറ്റിവയ്ക്കാവുന്ന കാര്യങ്ങളല്ല ഇത്. അടിയന്തരമായി പരിഹാരം കാണേണ്ട പ്രശ്നം തന്നെയാണിത്

## ശബരിമലയിലേക്ക് ഹെലികോപ്റ്റർ സർവീസോ VIP ദർശനമോ വാഗ്ദാനം ചെയ്യാൻ പാടില്ല- ഹൈക്കോടതി

കൊച്ചി: ശബരിമലയിലേക്ക് ഹെലികോപ്റ്റർ സർവീസോ വിഐപി ദർശനമോ വാഗ്ദാനം ചെയ്യാൻ പാടില്ലെന്ന് ഹൈക്കോടതി ഉത്തരവ്. സ്വകാര്യ ഏവിയേഷൻ ഓപ്പറേറ്റർ ശബരിമലയിലേക്ക് ഹെലികോപ്റ്റർ സർവീസ് വാഗ്ദാനം ചെയ്ത സംഭവത്തിലാണ് കോടതിയുടെ ഇടപെടൽ. സന്നിധാനത്ത് ആർക്കും പ്രത്യേക പരിഗണന നൽകാൻ പാടില്ലെന്നും ദേവസ്വം ബോർഡ് ഇക്കാര്യം ഉറപ്പുവരുത്തണമെന്നും കോടതി ഉത്തരവിട്ടു.

നിലയ്ക്കൽ എത്തിക്കഴിഞ്ഞാൽ എല്ലാവരും സാധാരണ അയ്യപ്പഭക്തരാണ്. അവിടെ ആർക്കും പ്രത്യേക പരിഗണന നൽകേണ്ട ആവശ്യമില്ലെന്നാണ് ഹൈക്കോടതിയുടെ നിരീക്ഷണം. വിഐപി ദർശനത്തിനോ അല്ലെങ്കിൽ ഹെലികോപ്റ്റർ സർവീസിനോ വേണ്ടിയുള്ള പരിഗണനയോ അതിനുള്ള സാധ്യതകളോ ഉണ്ടാകാരുതെന്നും അനാവശ്യമായ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് വിലക്കണമെന്നും കോടതി പറഞ്ഞു.

എൻഹാൻസ് ഏവിയേഷൻ എന്ന സ്വകാര്യസ്ഥാപനം എറണാകുളത്തുനിന്നും ശബരിമലയിലേക്ക് ഹെലികോപ്റ്റർ സർവീസ് വാഗ്ദാനം ചെയ്ത് പരസ്യം നൽകിയ സംഭവത്തിൽ ഹൈക്കോടതി നേരത്തെ സ്വമേധയാ കേസെടുത്തിരുന്നു. വിഷയത്തിൽ സ്ഥാപനത്തോടും സർക്കാരിനോടും വിശദീകരണം തേടിയതിന് പിന്നാലെയാണ് കോടതിയുടെ ഉത്തരവ്.


## മുഖ്യമന്ത്രിയായ ശേഷം പിണറായി നടത്തിയത് 19 വിദേശയാത്രകൾ; അഞ്ച് യാത്രകൾക്ക് ചെലവായത് 32,58,185 രൂപ



**തിരുവനന്തപുരം:** പിണറായി വിജയൻ മുഖ്യമന്ത്രിയായതു മുതൽ ഇതുവരെ നടത്തിയത് 19 വിദേശയാത്രകൾ. ഇതിൽ 15 തവണയും ഔദ്യോഗികാവശ്യാർഥമാണ് വിദേശ യാത്ര നടത്തിയത്. മൂന്ന് തവണ ചികിത്സയ്ക്കും ഒന്ന് സ്വകാര്യാവശ്യത്തിനുമാണ് പോയത്. നിയമസഭയിൽ സജീവ് ജോസഫിന്റെ ചോദ്യത്തിനുള്ള മറുപടിയായാണ് ഇക്കാര്യം അറിയിച്ചത്.

മൂന്ന് ഔദ്യോഗിക യാത്രകൾക്കും രണ്ട് ചികിത്സാ യാത്രകൾക്കും ചെലവായ തുകയും പുറത്തുവിട്ടു. 32,58,185 രൂപയാണ് ഇതിനായി പൊതുഖജനാവിൽനിന്ന് ചെലവഴിച്ചത്. 2016-ൽ യു.എ.ഇ.യിലേക്കും 2018-ൽ യു.എസ്.എ.യിലേക്കും 2019-ൽ ജപ്പാനിലേക്കും ഔദ്യോഗിക യാത്ര നടത്തിയതിന്റെ ചെലവുകളും 2022-ൽ രണ്ടു പ്രാവശ്യം യു.എസ്.എ.യിലേക്ക് ചികിത്സയ്ക്കായി പോയതിന്റെ ചെലവുകളുമാണ് പുറത്തുവിട്ടത്. ബാക്കി യാത്രകളുടെ ചെലവുകൾ വ്യക്തമാക്കിയിട്ടില്ല.

യു.എസ്.എ.യിലേക്കും യു.എ.ഇ.യിലേക്കുമാണ് ഏറ്റവും കൂടുതൽ യാത്ര നടത്തിയത്. അഞ്ചുതവണ ഇവിടങ്ങളിലേക്ക് പോയി. ഇതിൽ യു.എസ്.എ.യിലേക്ക് മൂന്ന് വട്ടം ചികിത്സയ്ക്കും ഒന്ന് ഔദ്യോഗികവും ഒന്ന് സ്വകാര്യാവശ്യത്തിനുമായാണ് പോയത്. യു.എ.ഇ.യിലേക്ക് നടത്തിയതെല്ലാം ഔദ്യോഗിക യാത്രകളാണ്. കൂടാതെ യു.കെ.യിലേക്ക് രണ്ടും ബഹ്റൈൻ, നെതർലൻഡ്സ്, സ്വിറ്റ്സർലൻഡ്, ഫ്രാൻസ്, ദക്ഷിണ കൊറിയ, ജപ്പാൻ, നോർവേ എന്നിവിടങ്ങളിലേക്ക് ഓരോ തവണയും പോയി.



## അമേരിക്കയുടെ കോവിഡ് ദുരിതാശ്വാസ ഫണ്ടിൽ നിന്ന് 165 കോടി രൂപ കവർന്ന് ചൈനീസ് ഹാക്കർമാർ

വാഷിങ്ടൺ: അമേരിക്കയുടെ കോവിഡ് ദുരിതാശ്വാസ ഫണ്ടിൽ നിന്ന് 165 കോടിയോളം രൂപ (രണ്ടുകോടി ഡോളർ) ചൈനീസ് ഹാക്കർമാർ മോഷ്ടിച്ചതായി റിപ്പോർട്ട്. ചൈനീസ് സർക്കാരുമായി ബന്ധമുള്ള എ.പി.ടി.41 എന്ന ഹാക്കിങ് വിഭാഗമാണ് മോഷണം നടത്തിയതെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

കോവിഡ് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി യു.എസ്.എ.യിലെ വിവിധ സ്റ്റേറ്റുകളിൽ ചെറിയ ബിസിനസ് ലോണുകൾ നൽകുന്നതിനും തൊഴിലില്ലായ്മാ ഫണ്ടിനുമായി വകയിരുത്തിയതായിരുന്നു മോഷ്ടിക്കപ്പെട്ട പണം. ചൈനയിലെ ചെങ്ദു കേന്ദ്രീകരിച്ചുള്ള സംഘമാണ് ഹാക്കിങ്ങിന് പിന്നിലെന്നാണ് റിപ്പോർട്ട്.

2020 മുതൽ 2000 അക്കൗണ്ടുകളിലൂടെയാണ് അമേരിക്കയുടെ കോവിഡ് ഫണ്ട് മോഷ്ടിച്ചെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇതുമായി ബന്ധപ്പെട്ട് നാൽപതിനായിരത്തോളം സാമ്പത്തിക ഇടപാടുകൾ നടത്തിയെന്നും റിപ്പോർട്ടിലുണ്ട്.

മോഷണവുമായി ബന്ധപ്പെട്ട് നിരവധി വിദേശ ഹാക്കിങ് സംഘങ്ങളെ കേന്ദ്രീകരിച്ച് അമേരിക്ക അന്വേഷണം വിപുലപ്പെടുത്തുന്നുണ്ട്. ഭരണകൂടത്തിൻറെ അറിവോടെ മറ്റൊരു രാജ്യത്തിന്റെ ദുരിതാശ്വാസ ഫണ്ട് മോഷ്ടിക്കുന്ന ലോകത്തെ ആദ്യത്തെ സംഭവമാണിതെന്ന് അമേരിക്ക ചൂണ്ടിക്കാട്ടുന്നു.



## ഉത്തരകൊറിയയിൽ കെ—ഡ്രാമ കണ്ട രണ്ട് സ്കൂൾ വിദ്യാർഥികൾക്ക് വധശിക്ഷ നൽകിയതായി റിപ്പോർട്ട്

പ്യോങ്യാങ്: കെ-ഡ്രാമ എന്ന പേരിൽ പ്രശസ്തമായ ദക്ഷിണ കൊറിയൻ ടെലിവിഷൻ പരിപാടികൾ വീക്ഷിച്ച കുറ്റത്തിന് രണ്ട് ഹൈസ്കൂൾ വിദ്യാർഥികൾക്ക് ഉത്തരകൊറിയൻ ഭരണകൂടം വധശിക്ഷ നൽകിയതായി റിപ്പോർട്ട്. ദക്ഷിണകൊറിയ, അമേരിക്ക എന്നിവടങ്ങളിൽ നിന്നുള്ള ടെലിവിഷൻ പരിപാടികളും സിനിമകളും കാണുന്നതിന് ഉത്തരകൊറിയയിൽ വിലക്കുണ്ട്. 16, 17 പ്രായമുള്ള ആൺകുട്ടികളെയാണ് വധിച്ചതെന്നാണ് റിപ്പോർട്ട്. ഒക്ടോബറിലാണ് ക്രൂരമായ സംഭവം നടന്നതെങ്കിലും ഏതാനും ദിവസം മുൻപാണ് ഇതുസംബന്ധിച്ച വാർത്ത പുറത്തുവന്നത്.

ഒക്ടോബറിൽ റ്യാങ്ങാങ് പ്രവിശ്യയിലെ സ്കൂളിലെ വിദ്യാർഥികളായ കുട്ടികൾ നിരവധി ദക്ഷിണകൊറിയൻ, അമേരിക്കൻ ടിവി പരിപാടികൾ കണ്ടതായി ദ ഇൻഡിപെൻഡന്റിന്റെ റിപ്പോർട്ടിൽ പറയുന്നു. നഗരത്തിലെ വിമാനത്താവളത്തിലെ എയർഫീൽഡിൽ ജനക്കൂട്ടത്തിന് മുമ്പിലാണ് കുട്ടികളുടെ ശിക്ഷ നടപ്പാക്കിയതെന്നാണ് ദ മിററിന്റെ റിപ്പോർട്ട്. 'അതിഹീന'മായ പ്രവൃത്തിയാണ് കുട്ടികൾ ചെയ്തതെന്നും അതിനാലാണ് നഗരവാസികളുടെ മുന്നിൽവെച്ച് ശിക്ഷ നടപ്പാക്കിയതെന്നും ഭരണകൂടം പ്രതികരിച്ചതായും റിപ്പോർട്ടിലുണ്ട്.

ഉത്തരകൊറിയൻ പരമാധികാരി കിം ജോങ് ഉന്നിന്റെ പിതാവും മുൻ രാഷ്ട്രത്തലവനുമായിരുന്ന കിം ജോങ് ഇല്ലിന്റെ ചരമവാർഷികം പ്രമാണിച്ച് പതിനൊന്ന് ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചിരുന്നു. ദുഃഖാചരണവേളയിൽ ചിരിക്കാനോ മദ്യപിക്കാനോ കടയിൽ ചെന്ന് സാധനങ്ങൾ വാങ്ങാനോ പൗരർക്ക് അനുമതിയുണ്ടായിരുന്നില്ല.

രാജ്യത്ത് ദക്ഷിണ കൊറിയൻ ടെലിവിഷൻ പരിപാടികളുടെ പ്രചാരം വർധിച്ചതോടെ 2020-ൽ വിദേശരാജ്യങ്ങളിൽ നിന്നുള്ള പരിപാടികൾക്ക് ഭരണകൂടം വിലക്കേർപ്പെടുത്തിയിരുന്നു. ദക്ഷിണ കൊറിയയിൽ നിന്നുള്ള പരിപാടികൾ പെൻഡ്രൈവുകൾ വഴി അനധികൃതമായി പകർത്തി രഹസ്യമായാണ് ജനങ്ങൾ കാണുന്നത്. പിടിക്കപ്പെട്ടാൽ പിഴയോ ജയിൽശിക്ഷയോ വധശിക്ഷയോ ലഭിക്കാവുന്ന കുറ്റമാണിത്.





## വിവാഹപൂർവ ലൈംഗിക ബന്ധം നിരോധിച്ചു, ലംഘിച്ചാൽ വ്യഭിചാരക്കുറ്റത്തിന് ഒരു വർഷം വരെ തടവുശിക്ഷ; ഈ രാജ്യത്തിന്റെ പുതിയ നിയമങ്ങൾ ഇങ്ങനെ

ജക്കാർത്ത: വിവാഹപൂർവ ലൈംഗിക ബന്ധവും അവിവാഹിതർ ഒരുമിച്ച് താമസിക്കുന്നതും നിരോധിച്ച് പുതിയ നിയമം പാസാക്കി ഇന്തോനേഷ്യ.

ഏറെ വിവാദങ്ങൾക്ക് കാരണമായ പുതിയ ക്രിമിനൽ കോഡ് ഇന്തോനേഷ്യൻ പാർലമെന്റ് ഏകകണ്ഠമായാണ് പാസാക്കിയതെന്ന് അന്താരാഷ്ട്ര മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

നിയമം ലംഘിക്കുന്നവർക്ക് വ്യഭിചാരക്കുറ്റത്തിന് ഒരു വർഷം വരെ തടവുശിക്ഷ ലഭിക്കും. വ്യഭിചാരം ആരോപിക്കപ്പെടുന്ന വ്യക്തിയുടെ മാതാപിതാക്കളിൽ നിന്ന് പരാതിയുണ്ടെങ്കിലാണ് കേസെടുക്കുക. സ്വദേശികൾക്കും രാജ്യത്തെത്തുന്ന വിദേശികൾക്കും ഇത് ബാധകമാണ്. ഇത് കൂടാതെ പ്രസിഡന്റിനെയോ സർക്കാർ സ്ഥാപനങ്ങളെയോ അപമാനിക്കുന്നതിനും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസിഡന്റിനെ അപമാനിക്കുന്നത് മൂന്നുവർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റകൃത്യമാണെന്നാണ് റിപ്പോർട്ട്.

2019ൽ നടപ്പാക്കാൻ ശ്രമിച്ച്കടുത്ത എതിർപ്പിനെ തുടർന്ന് മാറ്റിവച്ച ബില്ലാണ് വീണ്ടും പാസാക്കിയത്. ബില്ലിൻമേൽ നടന്ന ചർച്ചയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ പരാമവധി ഉൾക്കൊള്ളൻ ശ്രമിച്ചിട്ടുണ്ടെന്നും എന്നാൽ നിയമഭേദഗതിയിൽ ചരിത്രപരമായ തീരുമാനമെടുക്കാനും കൊളോണിയൽ ക്രിമിനൽ കോഡ് ഉപേക്ഷിക്കാനും സമയമായെന്ന് നിയമമന്ത്രി യാസോന ലാവോലി പറഞ്ഞു.

എന്നാൽ പുതിയ നിയമഭേദഗതിക്കെതിരെ രാജ്യത്ത് വലിയ രീതിയിൽ പ്രതിഷേധം നടക്കുന്നുണ്ട്.

വ്യക്തി സ്വാതന്ത്ര്യത്തെയും അഭിപ്രായ സ്വാതന്ത്ര്യത്തെയും ഇല്ലാതാക്കുന്നതാണ് ഭേദഗതിയെന്നാണ് വിമർശകർ പറയുന്നത്.



# വിഴിഞ്ഞം സംഘർഷത്തിൽ പൊലീസിന്റെ ക്ഷമയും സംയമനവും മാതൃകാപരം, വ്യക്തികളുടെ മുഖം നോക്കിയല്ല നിയമവും കോടതിയും പ്രവർത്തിക്കുന്നതെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** തുറമുഖ നിർമാണം തടസപ്പെടുത്തരുതെന്ന ഹൈക്കോടതി ഉത്തരവ് ലംഘിച്ചതിനാലാണ് വൈദികർ ഉൾപ്പെടെയുള്ളവർക്ക് എതിരെ കേസ് പൊലീസ് എടുത്തതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സമരാഹ്വാനം ചെയ്തവരിൽ ചിലരെ മാത്രം ഒഴിവാക്കാൻ സാധിക്കില്ല. വ്യക്തികളുടെ മുഖം നോക്കിയല്ല രാജ്യത്തെ നിയമവും കോടതിയും പ്രവർത്തിക്കുന്നത്. ക്രമസമാധാനപാലനം പൊലീസിന്റെയും സർക്കാരിന്റെയും ഉത്തരവാദിത്തമാണ്. പദ്ധതി ഉപേക്ഷിക്കാൻ കഴിയില്ല എന്നതിൽമാത്രമേ സർക്കാരിന് കടുംപിടിത്തമുള്ളൂവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട് നിയമസഭയിൽ നടന്ന അടിയന്തരപ്രമേയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഓഗസ്റ്റ് 16ന് ആരംഭിച്ച സമരത്തിൽ ഓഗസ്റ്റ് 19ന് മന്ത്രിസഭ ഉപസമിതി സമരക്കാരുമായി ചർച്ച നടത്തിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഓഗസ്റ്റ് 24ന് വീണ്ടും ചർച്ച നടത്തി. പിന്നെയും രണ്ട് തവണ നടത്തി. അനൗദ്യോഗിക ചർച്ചകളും ഇതിനിടയിൽ നടന്നു. കൃത്യമായും ചർച്ചയ്ക്ക് തയ്യാറാവുകയാണ് സർക്കാർ ചെയ്തത്. അതിൽ അലംഭാവം വരുത്തിയിട്ടില്ല. സമരസമിതിയുടെ ഏഴ് ആവശ്യങ്ങളിൽ അഞ്ചെണ്ണവും അംഗീകരിച്ചു. ബാക്കി രണ്ടെണ്ണത്തിൽ ഒന്ന് പദ്ധതി നിർത്തിവയ്ക്കുക എന്നതായിരുന്നു. അതിന് സാധിക്കില്ലെന്ന നിലപാടാണ് സർക്കാരിനെന്ന് അറിയിച്ചിട്ടുണ്ട്. മറ്റൊന്ന് പദ്ധതി മൂലമുണ്ടാകുന്ന തീരശോഷണമാണ്. പദ്ധതിയുടെ ഭാഗമായി ഒന്നിലധികം പരിശോധനകൾ നടന്നിട്ടുണ്ട്. അതിന്റെ റിപ്പോർട്ടുകളുമുണ്ട്. പദ്ധതിയുടെ ഭാഗമായി തീരശോഷണം സംഭവിക്കില്ലെന്നാണ് പഠനങ്ങളിൽ വ്യക്തമായത്. എന്നിരുന്നാലും തീരശോഷണം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിക്കാമെന്ന് സമരസമിതിയോട് ചർച്ചയ്ക്ക് പിന്നാലെ താൻ അറിയിച്ചു. അവർ അതിന് പൂർണസമ്മതമാണ് അറിയിച്ചത്. സമരത്തിന്റെ പ്രധാന നേതാവുമായി താൻ ചർച്ച നടത്തി. മന്ത്രിസഭാ ഉപസമിതിയിൽ കൂടുതൽ ആളുകൾ വേണമെന്ന ആവശ്യവും അംഗീകരിച്ചു. ചർച്ചയ്ക്ക് ശേഷം നല്ല അന്തരീക്ഷത്തിൽ പിരിഞ്ഞാലും പിന്നീട് പ്രശ്നങ്ങൾ കൂടുതൽ കടുപ്പമാകുന്നു. ഇതാണ് സംഭവിക്കുന്നത്. സമരത്തിൽ മറ്റ് ചിലർ നിയന്ത്രിക്കുന്നുണ്ടോയെന്ന് സംശയം തോന്നും. ഈ സംശയം മുൻപും ഉണ്ടായിരുന്നു. മുൻ സർക്കാരിലെ മന്ത്രി ബാബു ഇക്കാര്യത്തിൽ അന്വേഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. വിഴിഞ്ഞം തുറമുഖ പദ്ധതി 80 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞു. തീരശോഷണത്തെക്കുറിച്ച് പദ്ധതി ആരംഭിക്കുന്നതിന് മുൻപ് തന്നെ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ പാരിസ്ഥിതിക അനുമതി നൽകിയത്. പ്രദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തോട് അനുഭാവമായ സമീപനമാണ് സർക്കാരിന്. ആശങ്കകൾ പരിഹരിക്കാൻ എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നുണ്ട്. കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെയും മറ്റും പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി നടത്തിവരികയാണ്. 2450 കോടി അടങ്കലുള്ള പദ്ധതിയാണിത്. ഇതു പ്രകാരം 276 ഭവനങ്ങൾ പൂർത്തീകരിച്ച് ഉപഭോക്താക്കൾക്ക് കൈമാറി. 340 കുടുംബങ്ങൾക്ക് ഫ്ളാറ്റുകളും 475 കുടുംബങ്ങൾക്ക് വീടുകൾ തിരുവനന്തപുരം ജില്ലയിൽ മാത്രം നിർമിച്ചുനൽകി. അവശേഷിക്കുന്നവർക്ക് ഫ്ളാറ്റ് നിർമിക്കുന്നതിനായി മുട്ടത്തറയിൽ എട്ടേക്കർ ഭൂമി കൈമാറി. ഇത് ഒന്നര വർഷത്തിനുള്ളിൽ പൂർത്തിയാക്കും. 284 കുടുംബങ്ങൾക്ക് വാടക ഇനത്തിൽ തുക കൈമാറി. മണ്ണെണ്ണയ്ക്ക് നൽകിവരുന്ന ലിറ്ററിന് 25 രൂപയെന്ന സബ്സിഡി തുടർന്നും അനുവദിക്കും. പാരമ്പര്യേതര ഇന്ധനത്തിലേയ്ക്ക് മാറുന്നതിനുള്ള ഒറ്റത്തവണ സബ്സിഡിയും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2016 മുതൽ 252 കോടി 68 ലക്ഷം രൂപ മണ്ണെണ്ണ സബ്സിഡി ഇനത്തിൽ നൽകി. അക്രമസംഭവങ്ങൾ ഉണ്ടായാൽ കേസ് രജിസ്റ്റർ ചെയ്യുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥരാണ്. ആരെ കേസിൽ ഉൾപ്പെടുത്തണം എന്നൊക്കെ തീരുമാനിക്കുന്നത് സർക്കാരല്ല. ക്രമസമാധാനം പാലിക്കുന്നത് സംസ്ഥാന പൊലീസ് നല്ലരീതിയിൽ കൈകാര്യം ചെയ്തുവരികയാണ്. കഴിഞ്ഞ ദിവസങ്ങളിൽ പൊലീസ് കാണിച്ച സംയമനവും ക്ഷമയും മാതൃകാപരമാണ്. കേന്ദ്രസേനയുടെ സുരക്ഷ ആവശ്യമാണെന്ന് തുറമുഖ നിർമാതാക്കൾ ആവശ്യപ്പെടുമ്പോൾ സർക്കാർ അതിനെ എതിർത്തില്ലെന്ന വ്യാജപ്രചാരണം നടത്തുകയാണ്. തുറമുഖ നിർമാണ കരാർ പ്രകാരം തുറമുഖ നിർമാണത്തിന് കരാർ കമ്പനി ആവശ്യപ്പെടുന്ന മുറയ്ക്ക് സംരക്ഷണം നൽകണമെന്ന വ്യവസ്ഥയുണ്ട്.ലത്തീൻ സഭയുമായി സർക്കാരിന് ഊഷ്മളമായ ബന്ധമാണ് ഉള്ളത്. ലത്തീൻ സഭയുടെ പൊതുനിലപാടല്ല വിഴിഞ്ഞം സമരസമിതിയുടേത്. മത്സ്യത്തൊഴിലാളികൾക്കൊപ്പം നിൽക്കുന്ന നിലപാടാണ്



# ജില്ലാ, ജനറൽ ആശുപത്രികളിൽ സൂപ്പ ർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾക്ക് ഒമ്പത് കോടി: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ വിവിധ ജില്ല, ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഒമ്പത് കോടി രൂപയുടെ ഭരണാനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ജില്ലാ ജനറൽ ആശുപത്രികളിൽ മികച്ച ചികിത്സാ സേവനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായാണ് സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നത്. അനസ്തീഷ്യ, കാർഡിയോളജി, റേഡിയോളജി, യൂറോളജി വിഭാഗങ്ങളിലും ഐസിയു, ഓപ്പറേഷൻ തീയറ്റർ എന്നിവിടങ്ങളിലും കൂടുതൽ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനാണ് തുകയനുവദിച്ചതെന്നും മന്ത്രി വ്യക്തമാക്കി. വിവിധ ആശുപത്രികളിൽ അനസ്തേഷ്യ വിഭാഗത്തിൽ രണ്ട് അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, അഞ്ച് മൾട്ടിപാര മോണിറ്റർ, കാപ്നോഗ്രാം ഇൻവേസീവ് പ്രഷർ മോണിറ്റർ, കാർഡിയോളജി വിഭാഗത്തിൽ അഞ്ച് ഡിഫിബ്രിലേറ്റർ വിത്ത് കാർഡിയാക് മോണിറ്റർ, രണ്ട് ഡിഫിബ്രിലേറ്റർ വിത്ത് കാർഡിയാക് മോണിറ്റർ പേസിംഗ്, ഒരു ലൈവ് നാല് ഡി എക്കോ കാർഡിയോഗ്രാഫി സിസ്റ്റം, അഞ്ച് പന്ത്രണ്ട് ചാനൽ ഇസിജി മെഷീൻ, നാല് മൂന്ന് ചാനൽ ഇസിജി മെഷീൻ, മൂന്ന് ട്രോപ് ടി/ഐ അനലൈസർ, ഒരു ട്രെഡ്മിൽ ടെസ്റ്റ് മെഷീൻ എന്നിവ സജ്ജമാക്കുന്നതിന് തുകയനുവദിച്ചു. തീവ്ര പരിചരണ വിഭാഗത്തിൽ ആറ് സെൻട്രൽ മോണിറ്ററിംഗ് സ്റ്റേഷൻ വിത്ത് മൾട്ടിപാര മോണിറ്റർ ആന്റ് കാപ്നോഗ്രാം, നാല് ക്രാഷ് കാർട്ട്, മൂന്ന് ഡിഫിബ്രിലേറ്റർ വിത്ത് കാർഡിയാക് മോണിറ്റർ, മൂന്ന് പോർട്ടബിൾ എക്കോ കാർഡിയോഗ്രാഫി, 23 ഐസിയു കട്ടിലുകൾ, ഒരു സെൻട്രൽ ഓക്സിജൻ , 29 ഓവർ ബെഡ് ടേബിൾ, അഞ്ച് വെന്റിലേറ്റർ, ഒമ്പത് സിറിഞ്ച് പമ്പ്, ഓപ്പറേഷൻ തീയറ്ററിൽ ഒരു ഓട്ടോക്ലേവ് മെഷീൻ, രണ്ട് സിംഗിൾ ഡ്യൂം ഷാഡോലസ് സീലിംഗ് ഓപ്പറേഷൻ തീയറ്റർ ലൈറ്റ്, ഒരു ഡയതെർമി സർജിക്കൽ, റേഡിയോളജി വിഭാഗത്തിൽ രണ്ട് എക്സറേ മെഷീൻ 50 കെഡബ്ല്യു, ഒരു അൾട്രോസൗണ്ട് മെഷീൻ വിത്ത് ഡോപ്ലർ, യൂറോളജി വിഭാഗത്തിൽ രണ്ട് സിസ്റ്റോസ്കോപ്പി ഉപകരണങ്ങൾ, ടെലസ്കോപ്പ്, എച്ച് ഡി ക്യാമറ, രണ്ട് ഇലക്ട്രോ സർജിക്കൽ യൂണിറ്റ്, ഒരു പോർട്ടബിൾ യുഎസ്ജി ഡോപ്ലർ മെഷീൻ, മൂന്ന് ടെലസ്കോപ്പ് 30 ഡിഗ്രി എന്നിവയ്ക്കായും തുകയനുവദിച്ചു. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നവീകരണത്തിനും സേവനങ്ങൾ നൽകുന്നതിനുമായി 1.06 കോടി രൂപയും തലശേരി താലൂക്ക് ആശുപത്രിയിൽ റാമ്പിന്റെ നവീകരണത്തിന് 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്

# വിഴിഞ്ഞം സമരം; സമവായമുണ്ടായതിൽ സന്തോഷം, തുറമുഖം വേണമെന്നാണ് സഭയുടെ നിലപാടെന്ന് ആലഞ്ചേരി



**കൊച്ചി:** വിഴിഞ്ഞത്തെ സമവായം സന്തോഷകരമായ വാർത്തയെന്ന് കെസിബിസി അധ്യക്ഷൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ജനങ്ങളുടെ ആവശ്യം സർക്കാർ അംഗീകരിച്ചു. തുറമുഖം വേണമെന്നാണ് സഭയുടെ നിലപാട്. മുഖ്യമന്ത്രി പറയുന്ന കാര്യങ്ങൾ ജനങ്ങൾ ഉൾക്കൊള്ളണമെന്നും മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വാഗ്ദാനം സർക്കാർ പാലിക്കണമെന്നും ജോർജ് ആലഞ്ചേരി ആവശ്യപ്പെട്ടു. ഇനി തുറന്ന മനസോടെ സമവായം പ്രയോഗത്തിലെത്തിക്കണമെന്നും രണ്ട് കൂട്ടരും ധാരണയിൽ ഉറച്ച് നിൽക്കണമെന്നും അദ്ദേഹം പ്രതികരിച്ചു. വിഴിഞ്ഞം സഭയുടെ മാത്രം വിഷയമല്ലെന്നും ക്രൈസ്തവർക്കൊപ്പം മറ്റ് വിഭാഗങ്ങളുമുണ്ടെന്നു അദ്ദേഹം കൂട്ടിച്ചേർത്തു.

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് എതിരായ സമരം ഒത്തുതീർപ്പായതിന് പിന്നാലെ ആയിരുന്നു കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ പ്രതികരിണം. സമരസമിതി മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച്ച നടത്തിയതിന് പിന്നാലെയാണ് സമരം അവസാനിപ്പിക്കാൻ തീരുമാനമായത്. സമരം തീർക്കാൻ വിട്ടുവീഴ്ച ചെയ്തെന്ന് സമരസമിതി വ്യക്തമാക്കി. മന്ത്രിസഭ ഉപസമിതിയും സമരക്കാരുമായുള്ള ചർച്ചയ്ക്ക് പിന്നാലെയായിരുന്നു സമരസമിതി മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച്ച നടത്തിയത്. വാടക പൂർണ്ണമായും സർക്കാർ നൽകും. വാടക 5,500 മതിയെന്ന് സമരസമിതി വ്യക്തമാക്കി. അദാനി ഫണ്ടിൽ നിന്നും 2500 രൂപ തരാം എന്ന സർക്കാർ വാഗ്ദാനം വേണ്ടെന്ന് വെച്ചതായും സമരസമിതി പറഞ്ഞു. ജോലിക്ക് പോവാനാവാത്ത ദിവസം നഷ്ടപരിഹാരം സർക്കാർ നൽകാനും ധാരണയായി. തീരശോഷണത്തിൽ വിദഗ്ധസമിതി സമരസമിതിയുമായി ചർച്ച നടത്തും. തീരശോഷണം പഠിക്കാൻ സമരസമിതിയും വിദഗ്ധസമിതിയെ വെക്കും. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കും. സർക്കാർ ഉറപ്പുപാലിക്കുന്നുണ്ടോ എന്ന് മോണിറ്ററിംഗ് കമ്മിറ്റി നിരീക്ഷിക്കുമെന്നും ലത്തീൻ സഭ അറിയിച്ചു.



# ക്ലിഫ് ഹൗസിൽ അബദ്ധത്തിൽ വെടിപൊട്ടി; സുരക്ഷാവീഴ്ച മുഖ്യമന്ത്രി ഇറങ്ങിയതിന് പിന്നാലെ

**തിരുവനന്തപുരം:** മുഖ്യമന്ത്രി പിണറായി വിജയന്റെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ പോലീസുകാരന്റെ തോക്കിൽ നിന്ന് അബദ്ധത്തിൽ വെടിപൊട്ടി. ക്ലിഫ് ഹൗസിലെ ഗേറ്റിൽ ഗാർഡ് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ പക്കലുണ്ടായിരുന്ന തോക്കിൽ നിന്നാണ് വെടിപൊട്ടിയത്. ചൊവ്വാഴ്ച രാവിലെ, മുഖ്യമന്ത്രി നിയസഭയിലേക്ക് പുറപ്പെട്ടതിന് പിന്നാലെ ഒൻപതരയോടെയാണ് സംഭവം. തോക്ക് വൃത്തിയാക്കുന്നതിനിടെ അബദ്ധത്തിൽ സംഭവിച്ചതെന്നാണ് പോലീസ് നൽകുന്ന വിശദീകരണം. ആർക്കും പരിക്കേറ്റിട്ടില്ല. അതീവസുരക്ഷാ മേഖലയാണ് ക്ലിഫ് ഹൗസ്. അതിനാൽ വിഷയം ഗൗരവതരമാണ്. പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# കേരള സർവകലാശാല കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്: അനന്തപുരിയിൽ എബിവിപിക്ക് വൻ മുന്നേറ്റം, എസ്എഫ്ഐക്ക് തിരിച്ചടി

**തിരുവനന്തപുരം:** കേരള യൂണിവേഴ്സിറ്റിക്ക് കീഴിൽ നടന്ന തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം ജില്ലയിൽ വിവിധ ക്യാമ്ബസുകളിൽ വിദ്യാർഥി പരിഷത്തിന് മികവാർന്ന വിജയം. തുടർച്ചയായി 25 വർഷവും വിടിഎം എൻഎസ്എസ് കോളേജ് യൂണിയൻ എബിവിപി നിലനിർത്തി, ചരിത്രത്തിൽ ആദ്യമായി മാറനല്ലൂർക്രൈസ്റ്റ് നഗർ കോളേജ് യൂണിയൻ എസ് എഫ് ഐയിൽ നിന്നും പിടിച്ചെടുത്തു വിജയിച്ചു. അതോടൊപ്പം ജില്ലയിലെ വിവിധ ക്യാമ്ബസുകളിൽ ജനറൽ സീറ്റുകൾ ഉൾപ്പെടെ എസ്എഫ്ഐയിൽ നിന്നും എബിവിപി പിടിച്ചെടുത്തു.107 റെപ് സീറ്റുകളിലും 27 ജനറൽ സീറ്റുകളിലും എബിവിപി വിജയിച്ചു. ആദ്യമായി ഇലക്ഷനിൽ മത്സരിച്ച ചെമ്ബഴന്തി എസ്.എൻ സെൽഫ് ഫിനാൻസിങ് കോളേജ്, സരസ്വതി കോളേജ് തുടങ്ങിയ കോളേജുകളിൽ ചില സീറ്റുകൾ എസ്എഫ്ഐ–ൽ നിന്നും പിടിച്ചെടുത്തു.രക്തസാക്ഷി അജയന്റെ ക്ലാസ്സാണെന്ന് പറഞ്ഞു എബിവിപിക്കാരുടെ നോമിനേഷൻ പിൻവലിപ്പിക്കാൻ എസ് എഫ് ഐക്കാർ ശ്രമിച്ച ചെമ്ബഴന്തി എസ്.എൻ കോളേജിലെ മാത്സ് ഡിപ്പാർട്മെന്റിൽ എബിവിപി വിജയിച്ചു. വർക്കല എസ്. എൻ കോളേജ്, കാഞ്ഞിരംകുളം കെ.എൻ.എം കോളേജ്, കുളത്തൂർ ഗവ: കോളേജ്, ബി.ജെ. സി. എസ്. ഐ കോളേജ് വെള്ളനാട്, ഇടഞ്ഞി എസ് എം സി കോളേജ് തുടങ്ങിയ ക്യാമ്ബസുകളിൽ മികച്ച മുന്നേറ്റമുണ്ടാക്കാൻ എബിവിപി ക്ക് സാധിച്ചു.

## ഇന്നത്തെ ശബരിമല വിശേഷങ്ങൾ (07/12 /2022)

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ
11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം
പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.





# സുൽത്താൻ ബത്തേരി ബസ് സ്റ്റാൻഡിൽ വിദ്യാർത്ഥികൾ ഏറ്റുമുട്ടി

**വയനാട്:** സുൽത്താൻ ബത്തേരി ബസ് സ്റ്റാൻഡിൽ വിദ്യാർത്ഥികൾ തമ്മിൽ ഏറ്റുമുട്ടി. ഇന്നലെ നടന്ന സംഭവത്തിന്റെ ദൃശ്യങ്ങൾ ഇന്നാണ് സമൂഹമാദ്ധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചത്. നഗരത്തിലെ രണ്ട് വിദ്യാലയങ്ങളിലെ ഹയർ സെക്കൻഡറി വിദ്യാർത്ഥികളാണ് ചേരിതിരിഞ്ഞ് ഏറ്റുമുട്ടിയത്. ചില കുട്ടികൾ തമ്മിലുണ്ടായ വ്യക്തി വിരോധമാണ് ഏറ്റുമുട്ടലിലേയ്ക്ക് നയിച്ചത്. നാട്ടുകാർ ഇടപെട്ടാണ് പിന്നീട് വിദ്യാർത്ഥികളെ പിരിച്ചു വിട്ടത്. സംഭവത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ലെങ്കിലും അന്വേഷണം നടത്തുമെന്ന് പൊലീസ് അറിയിച്ചു. മുൻപും ഈ രണ്ട് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ തമ്മിൽ പ്രശ്നങ്ങളുണ്ടായിരുന്നു. എന്നാൽ അത് അന്നുതന്നെ പരിഹരിച്ചിരുന്നെന്നാണ് പൊലീസ് പറയുന്നത്.


സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും.
സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും
ബന്ധപെടുക

പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്

ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

വിളിക്കുക

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ള വരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.






# ഇന്ന് അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനം

ഡിസംബർ 7 അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനം. പൈലറ്റുമാർ, നാവിഗേറ്റർമാർ, ഫ്ലൈറ്റ് മെക്കാനിക്സ്, ഫ്ലൈറ്റ് അറ്റൻഡന്റ്സ് എന്നിവർക്ക് പുറമെ ഡിസൈൻ ബ്യൂറോകൾ, ഡിസ്പാച്ചറുകൾ, ടാങ്കറുകൾ തുടങ്ങിയവയിലെ തൊഴിലാളികൾ - ഗ്രൗണ്ട് ഏവിയേഷൻ യൂണിറ്റിന്റെ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും ഡിസംബർ 7 അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനമായി ആഘോഷിക്കുന്നത്.ലോകമെമ്പാടുമുള്ള വിമാന യാത്രയിൽ അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ഓർഗനൈസേഷനുകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനു വേണ്ടിയാണ് അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനം ആഘോഷിക്കുന്നത്. അന്താരാഷ്ട്ര വ്യോമയാനത്തിന്റെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് ഉത്തരവാദിത്തമുള്ള ഒരു സ്വയംഭരണ യു എൻ ബോഡിയാണ് ഐ സി എ ഒ. അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനം പൊതു അവധിയായി എവിടെയും അടയാളപ്പെടുത്തിയിട്ടില്ല, എന്നാൽ ആഗോളതലത്തിൽ അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനം ആചരിക്കുന്നുണ്ട്.സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന് അന്താരാഷ്ട്ര സിവിൽ ഏവിയേഷന്റെ സംഭാവനയെക്കുറിച്ച് ലോകമെമ്പാടുമുള്ള ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ഈ ദിനം. 'ആഗോള ഏവിയേഷൻ വികസനത്തിനായുള്ള നവീകരണത്തിന്റെ പുരോഗതിയാണ്' 2021 ലെ അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനത്തിലെ പ്രമേയം. 2023 വരെ ഇതേ പ്രമേയം തന്നെ നിലനിർത്താനാണ് കൗൺസിൽ തീരുമാനം.പൊതുവെ ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ദിനത്തോട് അനുബന്ധിച്ച് ഐ സി എ ഒ കൗൺസിൽ ഓരോ അഞ്ച് വർഷത്തെ പ്രത്യേക വാർഷിക പ്രമേയം പുറത്തുവിടുകയും, നാല് വർഷത്തിനുള്ളിൽ കൗൺസിൽ ഒരൊറ്റ പ്രമേയം തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. 1996-ൽ നടന്ന യുഎൻ ജനറൽ അസംബ്ലിയാണ് ഡിസംബർ 7 അന്താരാഷ്ട്ര സിവിൽ ഏവിയേഷൻ ദിനമായി ഔദ്യോഗികമായി അംഗീകരിച്ചത്. ഇന്റർനാഷണൽ സിവിൽ ഏവിയേഷന്റെ ആദ്യ ആഘോഷം നടന്നത് 1994-ലാണ്. ഐ സി എ ഒ യുടെ 50-ാം വാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി 1994-ലാണ് ഇത് സ്ഥാപിതമായത്. ഈ ദിവസം, ഐ സി എ ഒ വിവിധ പരിപാടികൾ, പ്രവർത്തനങ്ങൾ, സെമിനാറുകൾ, സെഷനുകൾ, സിവിൽ ഏവിയേഷനുമായി ബന്ധപ്പെട്ട വാർത്താ അറിയിപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു. ഗവൺമെന്റ്, സംഘടനകൾ, കമ്പനികൾ, വ്യക്തികൾ എന്നിവരിൽ നിന്ന് പോലും ഐ സി എ ഒയ്ക്ക് പിന്തുണ ലഭിക്കുന്നു.

# സായുധ സേന പതാക ദിനം

ഇന്ത്യൻ രാഷ്ട്രത്തിനുവേണ്ടി ജീവൻ ത്യജിച്ച ധീര രക്തസാക്ഷികളോടുള്ള ആദരവ് അർപ്പിക്കുന്നതിനായാണ് സായുധ സേന പതാക ദിനം അഥവാ ഇന്ത്യൻ പതാക ദിനം ആചരിക്കുന്നത്. 1949 മുതൽ എല്ലാ വർഷവും ഡിസംബർ ഏഴിനാണ് പതാക ദിനം ആചരിക്കുന്നത്.ഇന്ത്യൻ സേനയുടെ, വിമുക്ത ഭടൻമാർ, സൈനികരുടെ വിധവകൾ തുടങ്ങിയവരുടെ ക്ഷേമത്തിനായി ഇന്നേ ദിവസം ധനശേഖരണവും നടത്തുന്നു.ഇന്ത്യ സ്വാതന്ത്ര്യം നേടിയ ഉടനെ, പ്രതിരോധ സേനയുടെ ക്ഷേമത്തിനുവേണ്ടി സാമ്പത്തിക സംവരണം ആവശ്യമായി വന്നിരുന്നു. 1949 ഓഗസ്റ്റ് 28 ന് പ്രതിരോധ മന്ത്രിസഭയുടെ കീഴിൽ ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഒരോ വർഷവും ഡിസംബർ 7 ന് പതാക ദിനമായി ആചരിക്കാൻ തീരുമാനിച്ചു. ഒരു പതാക ദിനം ആചരിക്കുന്നതിനു പിന്നിലുള്ള ആശയം പൊതുജനങ്ങൾക്ക് ചെറിയ പതാകയുടെ മാതൃകകൾ വിതരണം ചെയ്യുകയും അതിലൂടെ നടത്തുന്ന പ്രവർത്തനങ്ങളിലൂടെ സംഭാവനകൾ ശേഖരിക്കുക എന്നതുമായിരുന്നു. രാജ്യത്തിനു വേണ്ടി പോരാടുന്ന സായുധ സേനയിലെ കുടുംബാംഗങ്ങളെയും ആശ്രിതരെയും സംരക്ഷിക്കാനുള്ള ഇന്ത്യയുടെ സാധാരണ ജനങ്ങളുടെ ഒരു ഉത്തരവാദിത്തമായാണ് അത് പരിഗണിക്കപ്പെടുന്നത്.അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു 1954 ഡിസംബർ 7 ന് ഇങ്ങനെ പറഞ്ഞു. പ്രധാനമായും മൂന്ന് അടിസ്ഥാന ആവശ്യങ്ങൾക്കായി പതാക ദിനം ആചരിക്കുന്നത്.

യുദ്ധത്തിൽ മരിച്ചവരുടെ പുനരധിവാസം.
ഇന്ത്യൻ സേനയുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമം.
വിമുക്ത ഭടന്മാരുടെയും അവരുടെ കുടുംബങ്ങളുടെയും പുനരധിവാസവും ക്ഷേമവും.
പതാകകൾ വിതരണം ചെയ്തുകൊണ്ട് സായുധ സേനാ പതാക ദിനാചരണത്തിന്റെ അനുസ്മരണവും ഫണ്ടുകളുടെ ശേഖരണവും നടത്തുന്നു.

പതാക ദിനത്തിൽ ഇന്ത്യൻ സേനയുടെ മൂന്നു വിഭാഗങ്ങളായ ഇന്ത്യൻ കരസേന, ഇന്ത്യൻ വ്യോമസേന, ഇന്ത്യൻ നാവിക സേന സംയുക്തമായി ദേശീയ സുരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള വിവിധ പരിപാടികൾ, നാടകങ്ങൾ, മറ്റ് വിനോദ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. രാജ്യത്ത് ഉടനീളം മൂന്നു സേവനങ്ങളെ പ്രതിനിധീകരിക്കുന്ന ചുവന്ന, ആഴത്തിലുള്ള നീല, ഇളം നീല നിറങ്ങളിലുള്ള ചെറിയ പതാകകളും, കാർ പതാകകളും കൊടുത്ത് തിരികെ സംഭാവനകൾ സ്വീകരിക്കുന്നു.1949 ൽ പ്രതിരോധ മന്ത്രിയുടെ സമിതിയാണ് ആദ്യത്തെ പതാക ദിന ഫണ്ട് സജ്ജമാക്കിയത്. 1993 ൽ പ്രതിരോധ മന്ത്രാലയം ബന്ധപ്പെട്ട ഒരു ക്ഷേമ ഫണ്ടുകൾ ഒരു സായുധ സേന പതാക ദിനം ഫണ്ടിലേയ്ക്ക് കൂട്ടിച്ചേർത്തു.













# സാനിട്ടേഷനിലും, ശുചിത്വത്തിനും ശുചീകരണത്തിനും ഊന്നൽ നൽകി ഹാർപിക് മിഷൻ സ്വച്ഛത ഔർ പാനി പ്രചാരണം

**കൊച്ചി:** ഹാർപ്പിക് അതിന്റെ ഫ്ലാഗ്ഷിപ്പ് സംരംഭമായ 'മിഷൻ സ്വച്ഛത ഔർ പാനി'ക്ക് കീഴിൽ, എല്ലാവർക്കും സുരക്ഷിതമായ ടോയ്ലറ്റുകൾ എന്ന പ്രതിബദ്ധതയും, വൃത്തിയും ശുചിത്വവുമുള്ള ടോയ്ലറ്റുകളിലേക്ക് മാറേണ്ടതിന്റെ ആവശ്യകതയും എടുത്തുകാട്ടുന്ന ലോക ടോയ്ലറ്റ് ദിനത്തിൽ 8 മണിക്കൂർ ദൈർഘ്യമുള്ള ടെലിത്തോണോടെയാണ് ആഴ്ചക്ക് തുടക്കം കുറിച്ചത്. ഹാർപ്പിക്കിന്റെ ഏറ്റവും വലിയ ദീർഘകാല കാമ്പെയ്നിന്റെ മൂന്ന് വർഷത്തെ വിജയത്തിന് ശേഷം, ഹാർപ്പിക് മിഷൻ സ്വച്ഛത ഔർ പാനി – 'ഒരിമിച്ച് ഏറ്റെടുക്കാം ഈ ഉത്തരവാദിത്തം' എന്നതിലൂടെ ആരോഗ്യം, ശുചിത്വം, ശുചിത്വം എന്നീ മേഖലകളിലെ മുന്നേറ്റം കൂടുതൽ ശക്തവും ഉൾക്കൊള്ളുന്നതുമാക്കി ഈ സംരംഭം.

"തുടക്കം മുതൽ, ഹാർപ്പിക്കിന്റെ സ്വച്ഛത ഔർ പാനി എന്ന സംരംഭം ഇന്ത്യയിൽ എല്ലാവരെയും ഉൾക്കൊള്ളിക്കുന്ന സാനിട്ടേഷനിലും, ശുചിത്വത്തിനും ശുചീകരണത്തിനും വെള്ളത്തിന്റെ പ്രാധാന്യത്തിലും ഊന്നിയാണ് പ്രവർത്തിക്കുന്നത്.

അടിത്തട്ടിൽ മാറ്റം കൊണ്ടുവരാൻ ഞങ്ങളുടെ പങ്കാളികളിൽ നിന്ന് ഞങ്ങൾക്ക് വളരെയധികം ശക്തി ലഭിക്കും. ഞങ്ങളുടെ വിവിധ ഇടപെടലുകളിലൂടെ, 20 ദശലക്ഷത്തിലധികം ഇന്ത്യക്കാരുടെ ശീലങ്ങൾ മാറ്റാൻ സഹായിക്കുന്ന വിവരങ്ങളും ഉപകരണങ്ങളുമായി എത്തിച്ചേരാനും ആരോഗ്യകരമായ ഇന്ത്യയ്ക്കായി മൊത്തത്തിലുള്ള ആരോഗ്യത്തിൽ ശരിയായ ശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും ഞങ്ങൾ ലക്ഷ്യമിടുന്നുവെന്ന് റെക്കിറ്റ് സൗത്ത് ഏഷ്യ, എക്സ്റ്റേണൽ അഫയേഴ്സ് ആൻഡ് പാർട്ട്ണർഷിപ്പ്സ്, ഡയറക്ടർ രവി ഭട്നാഗർ പറഞ്ഞു.ജലസംരക്ഷണത്തിനായുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനത്തിന് മറുപടിയായി, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പരിരക്ഷിക്കുന്നതിനുമായി കൂട്ടായ നിശ്ചയദാർഢ്യവും പ്രവർത്തനവും പെരുമാറ്റ മാറ്റവും സൃഷ്ടിക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധതയോടെ 2019 ഓഗസ്റ്റിൽ ആണ് ദേശീയതലത്തിൽ ഹാർപ്പിക് മിഷൻ പാനി ആരംഭിച്ചത്. അതിനുശേഷം, മിഷൻ പാനി ജലസംരക്ഷണത്തെ ചുറ്റിപ്പറ്റി മാത്രമല്ല, കാമ്പെയ്നിന്റെ അവിഭാജ്യ ഘടകമായ സാനിട്ടേഷൻ, ശുചിത്വം എന്നിവയിലും പതിവ് മാറ്റങ്ങളെക്കുറിച്ചുള്ള ആശയവിനിമയം സാധ്യമാക്കി.

ഹാർപ്പിക് മിഷൻ സ്വച്ഛത ഔർ പാനി കാമ്പെയ്നിന്റെ ഭാഗമായി സീസെം വർക്ക് ഷോപ്പ് ഇന്ത്യയുമായുള്ള പങ്കാളിത്തം പ്രഖ്യാപിച്ചു, ഇത് സാനിട്ടേഷന്റെയും ശുചിത്വത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുകയും അത് പരിശീലിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചുറ്റുമുള്ള എല്ലാവരിലേക്കും പ്രചരിപ്പിക്കുകയും ചെയ്യും.




# നോയ്സ് ബ്രാൻഡ് അംബാസഡറായി വിരാട് കോഹ്ലി

ഇന്ത്യയിലെ പ്രമുഖ കണക്റ്റഡ് ലൈഫ്സ്റ്റൈൽ ടെക് ബ്രാൻഡായ നോയ്സ്, തങ്ങളുടെ സ്മാർട്ട് വാച്ചുകളുടെ പുതിയ ബ്രാൻഡ് അംബാസഡറായി യൂത്ത് ഐക്കണും ഇന്ത്യൻ ക്രിക്കറ്റിലെ രാജാവുമായ വിരാട് കോഹ്ലിയെ തിരഞ്ഞെടുത്തു. ബ്രാൻഡിന്റെ കോ-ക്രിയേഷനോടുള്ള പ്രതിബദ്ധതതയ്ക്കൊപ്പം ഉപഭോക്തൃ വിശ്വാസവും വിശ്വസ്തതയും കൂടുതൽ ആഴത്തിലാക്കാൻ ഈ പങ്കാളിത്തം സഹായിക്കും."ഇന്ത്യൻ ക്രിക്കറ്റ് ഇതിഹാസം വിരാട് കോഹ്ലിയെ ഒരു നോയ്സ് മെയ്ക്കറായി സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. സ്മാർട്ട് വാച്ച് വിഭാഗത്തിലെ ഞങ്ങളുടെ നേതൃത്വം ലോകമെമ്പാടുമുള്ള ആരാധകരുടെ പ്രിയങ്കരനാകാൻ വിരാട് നടത്തിയ യാത്രയെ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്നതാണ്. ഉള്ളിലെ ശബ്ദം കേൾക്കാനുള്ള ഞങ്ങളുടെ നിരന്തരമായ ഉത്സാഹത്തിനും ഒരു പവർ-പാക്ക്ഡ് പെർഫോമൻസ് നൽകേണ്ടതിന്റെ ആവശ്യകതയ്ക്കൊപ്പം, വിരാടുമായുള്ള ഞങ്ങളുടെ സഹവാസം ഇന്ത്യയിലും വിദേശത്തുമുള്ള യുവ പ്രേക്ഷകരുമായുള്ള ഞങ്ങളുടെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ഉറപ്പുണ്ട്." പ്രഖ്യാപനത്തെക്കുറിച്ച് പ്രതികരിക്കവേ നോയ്സ് സഹസ്ഥാപകനായ ഗൗരവ് ഖത്രി അഭിപ്രായപ്പെട്ടു.നോയ്സും വിരാടും യഥാക്രമം സ്മാർട്ട് കണക്റ്റഡ് ലൈഫ്സ്റ്റൈൽ ഇൻഡസ്ട്രിയിലെയും ക്രിക്കറ്റ് ലോകത്തെയും സ്ഥാപിത നേതാക്കളാണ്. കൂടാതെ, സൂപ്പർ-അത്ലറ്റുകളുടെ യുഗത്തിലേക്ക് നയിച്ചതിന് പിന്നിൽ പ്രധാന സ്വാധീനം ചെലുത്തിയ വിരാട് തന്റെ ഫിറ്റ്നസ് ലെവലിൽ എപ്പോഴും അഭിമാനിക്കുന്നതിനാൽ, അദ്ദേഹം ബ്രാൻഡിന് ഏറ്റവും അനുയോജ്യനാണ്.ഒമ്പത് പാദങ്ങളിൽ തങ്ങളുടെ നേതൃത്വം ആവർത്തിച്ചുകൊണ്ട്, സ്മാർട്ട് വാച്ച് വിഭാഗത്തിലെ ഏറ്റവും ശക്തമായ ഇന്ത്യൻ ബ്രാൻഡായി നോയ്സ് ഉയർന്നു. ബ്രാൻഡിന്റെ യാത്ര, ഡെലിവറിയിലെ അതിന്റെ സ്ഥിരത, കണ്ടുപിടിക്കാനും പുനർനിർമ്മിക്കാനുമുള്ള കഴിവ്, മാസ് അപ്പീൽ എന്നിവ പ്രകടമാക്കുന്നത് – ഇന്ത്യയിലെ ഏറ്റവും ജനപ്രിയ ക്രിക്കറ്റ് താരം വിരാട് കോഹ്ലി പ്രതിനിധീകരിക്കുന്നവയ്ക്ക് സമാനമാണ്.

"ഞാൻ എപ്പോഴും പ്രതിധ്വനിക്കുന്ന ബ്രാൻഡുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിൽ വിശ്വസിക്കുന്നു. തുടർച്ചയായി പുതിയ വാർത്തകൾ സൃഷ്ടിക്കുകയും ഇന്ത്യയെ ആഗോള ഭൂപടത്തിൽ ഉൾപ്പെടുത്തി സ്മാർട്ട് വെയറബിളുകളുടെ യുഗത്തിന് തുടക്കമിട്ടിരിക്കുന്നതുമായ നോയ്സുമായി ഞാൻ പങ്കാളിയാകുന്നതിലൂടെ നോയ്സ് മേക്കേഴ്സിന്റെ ആവേശകരമായ ടീമിൽ ചേരുന്നതിൽ ഞാൻ ആവേശഭരിതനാണ്. ഞങ്ങളുടെ പങ്കാളിത്തം, ഉള്ളിലെ ശബ്ദം കേൾക്കാനുള്ള ഞങ്ങളുടെ സമാനമായ വിശ്വാസത്തിന് പ്രതീകമാകുന്നു." പങ്കാളിത്തത്തെ കുറിച്ച് വിരാട് കോഹ്ലി പറഞ്ഞു.

FILM WORLD



# അവതാർ കേരളത്തിലെ തിയേറ്ററുകളിൽ പ്രദർശിപ്പിക്കാൻ ഒരുങ്ങി ഫിയോക്

കേരളത്തിലെ തിയേറ്ററുകളിൽ അവതാർ പ്രദർശിപ്പിക്കാൻ ഒരുങ്ങി ഫിയോക്.ഡിസംബർ 16 നാണ് അവധാർ തീയേറ്ററുകളിലേക്കെത്തുന്നത്.സിനിമകൾ റിലീസ് ചെയ്ത് 42 ദിവസത്തിനുള്ളിൽ ഒ.ടി.ടി പ്രദർശനത്തിന് നൽകുന്നതിനെതിരെ തീയറ്റർ ഉടമകളുടെ സംഘടനയായ ഫിയോക് രംഗത്തെത്തിയിരുന്നു.അത്തരം ചിത്രങ്ങളുടെ നിർമാതാക്കളും നടീ നടൻമാരും, വിതരണക്കാരുമായും സഹകരിക്കില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി എല്ലാ സംഘടനകൾക്കും കത്ത് നൽകുമെന്നും ഫിയോക് വ്യക്തമാക്കി.ജനുവരി 1 മുതൽ റിലീസ് ചെയ്യുന്ന ചിത്രങ്ങളുടെ കാര്യത്തിൽ തീരുമാനം നടപ്പാക്കും.




# 'മോമോ ഇൻ ദുബായ്' ഉടൻ പ്രദർശനത്തിനെത്തും

അനു സിത്താര, അനീഷ് ജി മേനോൻ, ജോണി ആന്റണി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ അമീൻ അസ്ലം സംവിധാനം ചെയ്യുന്ന 'മോമോ ഇൻ ദുബായ്' ഉടൻ പ്രദർശനത്തിനെത്തുന്നു .അതിനോടനുബന്ധിച്ച് ' അമേരിക്ക ആയാലും ജപ്പാൻ ആയാലും മോമോ രാജ്യം വിടുകയാണ് ' എന്ന കുറിപ്പോടെ 'മോമോ ഇൻ ദുബായ്' യുടെ പോസ്റ്റർ റിലീസ് ചെയ്തു.സുഡാനി ഫ്രം നൈജീരിയ, ഹലാൽ ലൗ സ്റ്റോറി എന്ന ചിത്രത്തിനു ശേഷം സക്കരിയയുടെയും ആയിഷ എന്ന ചിത്രത്തിന്റെ തിരകഥാകൃത്ത് ആഷിഫ് കക്കോടിയുടെയും തിരക്കഥയിൽ ഒരുങ്ങുന്ന 'മോമോ ഇൻ ദുബായ്' ഒരു ചിൽഡ്രൻസ്ഫാമിലി ചിത്രമായാണ് എത്തുന്നത് . ഇമാജിൻ സിനിമാസ്, ക്രോസ് ബോർഡർ ക്യാമറ, ബിയോണ്ട് സ്റ്റുഡിയോസ് എന്നിവയുടെ ബാനറിൽ സക്കരിയ, ഹാരിസ് ദേശം, പി.ബി അനീഷ്, നഹല അൽ ഫഹദ് എന്നിവർ ചേർന്നാണ് 'മോമോ ഇൻ ദുബായ്' നിർമ്മിക്കുന്നത്.




# അഭ്യൂഹം' ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി

നവാഗതനായ അഖിൽ ശ്രീനിവാസ് സംവിധാനം ചെയ്യുന്ന ചിത്രമാണ് അഭ്യൂഹം. രാഹുൽ മാധവ്, അജ്മൽ അമീർ, കോട്ടയം നസീർ എന്നിവരാണ് ചിത്രത്തിൽ കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. മൂവി വാഗൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ സെബാസ്റ്റ്യൻ, വെഞ്ച്സ്ലേവസ് എന്നിവർ ചേർന്നാണ് ചിത്രത്തിന്റെ നിർമാണം. രാഹുലിനും അജ്മലിനും പുറമേ, ജാഫർ ഇടുക്കി, ആത്മീയ രാജൻ, കോട്ടയം നാസർ, മാൽവി മൽഹോത്ര എന്നിവരാണ് ചിത്രത്തിലെ മറ്റ് കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്ഇപ്പോൾ ഇതാ അഭ്യൂഹത്തിന്റെ ഫസ്റ്റ്ലുക്ക് പോസ്റ്റർ റിലീസായി. ഏറെ കൗതുകം ഉണർത്തുന്നതാണ് ചിത്രത്തിന്റെ ഫസ്റ്റ്ലുക്ക് പോസ്റ്റർ. അഖിൽ ശ്രീനിവാസിന്റേതാണ് ചിത്രത്തിന്റെ കഥ. ആനന്ദ് രാധാകൃഷ്ണൻ, നൗഫൽ അബ്ദുള്ള എന്നിവർ ചേർന്നാണ് തിരക്കഥയൊരിക്കിയിരിക്കുന്നത്.








# ഖത്തർ ലോകകപ്പിലെ ആദ്യ ഹാട്രിക്ക്

ഏറെ നിർണായകമായ പ്രീ ക്വാർട്ടർ മത്സരത്തിൽ പറങ്കിപ്പടയുടെ സർവാധിപത്യം. നായകൻ ക്രിസ്റ്റിയാനോ റൊണാൾഡോ ആദ്യ ഇലവനില്ലാത്തത് ആരാധകരിൽ പിരിമുറുക്കം സൃഷ്ടിച്ചിരുന്നെങ്കിലും സ്വിസ് പൂട്ട് ആറ് ഗോളുകൾ അടിച്ച് തകർക്കുന്ന പോർച്ചുഗീസ് പടയുടെ ആക്രമണമാണ് കളിയിലുടനീളം കണ്ടത്. ഗോളിലേക്കുള്ള ആദ്യ നീക്കം സ്വിറ്റ്സർലൻഡിന്റെ ആയിരുന്നെങ്കിലും പെപ്പെയുടെ പ്രതിരോധത്തിൽ ആ ശ്രമം തകർന്ന് തരിപ്പണമായി.റൊണാൾഡോയുടെ പകരക്കാരനായെത്തിയ ഗോൺസാലോ റാമോസ് ഹാട്രിക്കടിച്ചു. പെപേയും റാഫേൽ ഗ്വിറേറോയും കൂടി ഓരോ ഗോൾ അടിച്ചതോടെ പോർച്ചുഗലിന് ഫുൾ പവറായി. പറങ്കിപ്പടയുടെ ഒരു ഗോൾ മടക്കി മറുപടി പറയാൻ മാത്രമാണ് സ്വിറ്റ്സർലൻഡിന് കഴിഞ്ഞത്. കളിയുടെ 58-ാം മിനിറ്റിലാണ് മാനുവേൽ അക്കാഞ്ചിയിൽ നിന്നും പോർച്ചുഗലിന്റെ ലീഡ് കുറയ്ക്കുന്ന ഒരു നീക്കമുണ്ടായത്.17ാം മിനിറ്റിലായിരുന്നു പോർച്ചുഗലിന്റെ ആദ്യ ഗോൾ. ഗോൺസാലോ റാമോസ് നേടിയ ഗോളാണ് പോർച്ചുഗലിനെ ആദ്യം മുന്നിലെത്തിച്ചത്. പിന്നീട് പെപെയിലൂടെ സ്വിറ്റ്സർലൻഡിൽ നിന്നുള്ള വിജയദൂരം ഇരട്ടിയാക്കാനും പോർച്ചുഗലിന് സാധിച്ചു. 51-ാം മിനിറ്റിലായിരുന്നു വീണ്ടും റാമോസ് മാജിക്. റൂബൻ വർഗാസിനെ പിന്നിലാക്കി യൻ സോമറിന്റെ കാലിൽ നിന്നും പന്ത് വീണ്ടെടുത്ത് റാമോസ് തന്റെ രാജ്യത്തെ ക്വാർട്ടറിലേക്ക് നയിക്കുകയായിരുന്നു. റാമോസിൽ നിന്നും അടുത്ത ഗോൾ പിറക്കുന്നത് കളിയുടെ 67-ാം മിനിറ്റിലാണ്. സ്വിസ് കീപ്പർ സോമറിന് മുകളിലൂടെ പന്ത് മെല്ലെ ഡിങ്ക് ചെയ്ത് പോർച്ചുഗലിനെ റാമോസ് 6-1 എന്ന സ്കോറിലേക്ക് നയിക്കുകയായിരുന്നു. ഇതിലൂടെ പിറന്നത് ഖത്തർ ലോകകപ്പിലെ ആദ്യ ഹാട്രിക്കെന്ന ചരിത്രം കൂടിയായിരുന്നു.കളിയുടെ 74ാം മിനിറ്റുമുതൽ സ്റ്റേഡിയമാകാതെ റൊണാൾഡോ.. റൊണാൾഡോ എന്ന ആർപ്പുവിളികൾ കൊണ്ട് നിറഞ്ഞു. ലോകകപ്പിന്റെ നോക്കൗട്ട് ഘട്ടത്തിൽ ഇതാദ്യമായാണ് പോർച്ചുഗൽ നാലിലധികം ഗോളുകൾ നേടുന്നത്. ക്വാർട്ടറിൽ മൊറോക്കോയാകും പോർച്ചുഗീസിന്റെ എതിരാളികൾ. കൊറിയയും പോർച്ചുഗലിനെതിരെ നേടിയ അട്ടിമറി ജയങ്ങളുടെ പാഠമുൾക്കൊണ്ടാണ് പോർച്ചുഗൽ കളിക്കളത്തിലിറങ്ങിയത്. പ്രീ ക്വാർട്ടർ കടക്കാൻ ഇതിന് മുൻപ് രണ്ട് തവണ മാത്രമേ പോർച്ചുഗലിന് കഴിഞ്ഞിട്ടുള്ളൂ. 1966ലും 2006ലുമാണ് പോർച്ചുഗലിന് അത് സാധിച്ചത്.

# ഇന്ത്യയുടെ പിന്മാറ്റം; 2027ലെ ഏഷ്യൻ കപ്പ് ഫുട്ബാൾ സൗദിയിൽ നടക്കുമെന്ന് ഉറപ്പായി

ജിദ്ദ: 2027-ലെ ഏഷ്യൻ കപ്പിന് ആതിഥേയത്വം വഹിക്കാനുള്ള തെരഞ്ഞെടുപ്പ് ലേല പ്രക്രിയയിൽ നിന്ന് ഇന്ത്യ പിന്മാറിയതോടെ ടൂർണമെന്റ് സൗദിയിൽ നടക്കുമെന്ന് ഉറപ്പായി.നിലവിൽ ടൂർണമെന്റ് നടത്തുന്നതിനായി ഇന്ത്യയും സൗദിയുമായിരുന്നു അപേക്ഷ സമർപ്പിച്ചിരുന്നത്. എന്നാൽ ആവശ്യത്തിൽനിന്നും ഇന്ത്യൻ ഫുട്ബാൾ ഫെഡറേഷന്റെ പിന്മാറ്റം ഏഷ്യൻ ഫുട്ബാൾ കോൺഫെഡറേഷൻ (എ.എഫ്.സി) സ്ഥിരീകരിച്ചതോടെയാണ് സൗദിയുടെ കളത്തിൽ പന്തായത്. ഏഷ്യൻ കപ്പിന് ആതിഥേയത്വം വഹിക്കാനായി സൗദി, ഖത്തർ, ഇറാൻ, ഇന്ത്യ, ഉസ്ബെക്കിസ്താൻ എന്നീ രാജ്യങ്ങൾ രണ്ട് വർഷം മുമ്ബ് നൽകിയ അപേക്ഷകൾ എ.എഫ്.സി പരിശോധിച്ചതിൽ നിന്നും ഇന്ത്യയുടെയും സൗദിയുടെയും അപേക്ഷകൾ മാത്രമാണ് സ്വീകരിച്ചിരുന്നത്. ഇന്ത്യ ആവശ്യത്തിൽനിന്ന് സ്വയം പിന്മാറിയതിനാൽ പട്ടികയിൽ ശേഷിക്കുന്ന സൗദിക്ക് ഏഷ്യൻ കപ്പ് ഫുട്ബാൾ ടൂർണമെന്റ് നടത്താനുള്ള അന്തിമാനുമതി ഫെബ്രുവരി ഒന്നിന് ബഹ്റൈനിൽ നടക്കുന്ന എ.എഫ്.സി റീജനൽ യോഗത്തിൽ നൽകിയേക്കും.അവസാന നിമിഷം വരെ അപേക്ഷയുമായി മുന്നോട്ട് പോയിരുന്ന ഇന്ത്യ ഇപ്പോൾ ആവശ്യത്തിൽനിന്നും പിൻവാങ്ങാനുള്ള കാരണം വ്യക്തമല്ല. കഴിഞ്ഞ ഒക്ടോബറിൽ ഇന്ത്യയിൽ നടക്കേണ്ടിയിരുന്ന അണ്ടർ 17 വനിതാ ലോകകപ്പ് മത്സരങ്ങൾ ഫിഫ റദ്ദ് ചെയ്തിരുന്നു. അഖിലേന്ത്യാ ഫുട്ബാൾ ഫെഡറേഷൻറെ ഭരണത്തിൽ പുറത്തുനിന്നുള്ള ഇടപെടൽ ഉണ്ടായതിനെ തുടർന്നായിരുന്നു ഫിഫ കൗൺസിലിന്റെ നടപടി. വിലക്ക് നീങ്ങുന്നത് വരെ ഇന്ത്യൻ ഫുട്ബാൾ ടീമിന് രാജ്യാന്തര മത്സരങ്ങൾ കളിക്കാനാവില്ലെന്നും ഫിഫ നിബന്ധന വെച്ചിട്ടുണ്ട്. ഇക്കാരണങ്ങൾ കൊണ്ടാണോ ഏഷ്യൻ കപ്പ് സംഘാടന ആവശ്യത്തിൽനിന്നും ഇന്ത്യ പിന്മാറിയതെന്ന് വരും ദിവസങ്ങളിൽ വ്യക്തമാവേണ്ടിയിരിക്കുന്നു.2023-ലെ ഏഷ്യൻ കപ്പ് നടത്തിപ്പ് ചൈനക്കായിരുന്നെങ്കിലും കോവിഡിനെത്തുടർന്ന് ചൈന പിന്മാറിയിരുന്നു. ഇതിനെത്തുടർന്ന് ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്ന ഖത്തറിൽ വെച്ചായിരിക്കും അടുത്ത വർഷത്തെ ഏഷ്യൻ കപ്പ് നടക്കുക. എന്നാൽ അടുത്ത വർഷം നടക്കേണ്ട ടൂർണമെന്റ് 2024 ജനുവരിയിലേക്ക് മാറ്റാനും സാധ്യതയുണ്ട്. 1956 മുതൽ ആരംഭിച്ച ഏഷ്യൻ കപ്പ് ഫുട്ബാൾ ടൂർണമെന്റ് നേരത്തെ രണ്ട് തവണയായി ഖത്തറിൽ വെച്ച് നടന്നിരുന്നു. മൂന്ന് തവണ ടൂർണമെന്റിൽ ചാമ്ബ്യന്മാരായിട്ടുണ്ടെങ്കിലും സൗദിയിൽ ഇതുവരെ ഏഷ്യൻ കപ്പ് ഫുട്ബാൾ ടൂർണമെന്റ് നടന്നിട്ടില്ല.



# പെനാൽറ്റി ഷൂട്ടൗട്ടിൽ സ്പെയിനെ അട്ടിമറിച്ച് മൊറോക്കോ ക്വാർട്ടറിൽ

ഖത്തർ ലോകകപ്പിലെ അവസാന പ്രീക്വാർട്ടർ മത്സരത്തിൽ പെനാൽറ്റി ഷൂട്ടൗട്ടിലൂടെ സ്പെയിനെ അട്ടിമറിച്ച് മൊറോക്കോ ക്വാർട്ടറിൽ. 3-0ത്തിനാണ് സ്പെയിനെ മൊറോക്കോ തകർത്തത്. ക്വാർട്ടർ ലക്ഷ്യമിട്ടിറങ്ങിയ സ്പാനിഷ്പടയെ ഗോൾ നേടാൻ അനുവദിക്കാതെ വരിഞ്ഞു മുറുക്കുകയായിരുന്നു മൊറോക്കോ. ഷൂട്ടൗട്ടിൽ മൊറോക്കോയ്ക്കായി സാബ്രിയാണ് ആദ്യം സ്പാനിഷ് വല കുലുക്കിയത്. തുടർന്ന് സറാബിയ എടുത്ത കിക്ക് ബാറിൽ തട്ടി പുറത്തേക്ക് പോവുകയായിരുന്നു. പിന്നീട് എത്തിയ സിയെച്ച് പന്ത് വളരെ ഈസിയായി വലയിലെത്തിച്ചു. അടുത്തതായെത്തിയ കാർലോസ് സോളെറിന്റെ കിക്ക് ബൂനോ തടയുകയായിരുന്നു. എന്നാൽ ബദ്ർ ബെനൗന്റെ അടുത്ത മൊറോക്കൻ കിക്കിനെ സ്പാനിഷ് ഗോളി തടഞ്ഞു. തുടർന്ന് വന്ന സർജിയോ ബുസ്ക്വറ്റ്സിന്റെ കിക്കും ബൂനോ തടുക്കുകയായിരുന്നു. ഇതോടെ മൊറോക്കോ അപ്രതീക്ഷിത വിജയം നുണഞ്ഞ് ക്വാർട്ടറിൽ പ്രവേശിച്ചു.സ്പെയിനും മൊറോക്കോയും തമ്മിലുള്ള മത്സരത്തിന്റെ ഇരുപകുതിയും ഗോൾരഹിത സമനിലയിൽ പിരിഞ്ഞതോടെയാണ് കളി എക്സ്ട്രാ ടൈമിലേക്ക് നീങ്ങിയത്. എക്സ്ട്രാ ടൈമിൽ ഇരു ടീമുകളും കിണഞ്ഞു പരിശ്രമിച്ചെങ്കിലും ഒന്നും ഗോളാക്കി മാറ്റാനായില്ല. തുടർന്ന് മത്സരം പെനാൽറ്റി ഷൂട്ടൗട്ടിലേക്ക് നീങ്ങുകയായിരുന്നു. മത്സരം ആരംഭിച്ചത് മൊറോക്കോ താരം ഹകീം സിയച്ചിന്റെ ഫൗളിലൂടെയാണ്. തുടർന്ന് സ്പെയിനിനു വേണ്ടി ജോർദി ആൽബയെടുത്ത ഫ്രീകിക്ക് ഗോളാക്കാനായില്ല. 12-ാം മിനിറ്റിലും 27-ാം മിനിറ്റിലും സ്പെയിനിന് മികച്ച അവസരം കിട്ടിയെങ്കിലും മൊറോക്കൻ പ്രതിരോധം കടന്ന് പന്ത് ഗോൾവലയിലെത്തിക്കാനായില്ല.സ്പാനിഷ് ഗോൾകീപ്പർ ഉനൈ സിമോണിന് 33-ാം മിനിറ്റിലാണ് മത്സരത്തിലെ ആദ്യ പരീക്ഷണം നേരിടേണ്ടി വന്നത്. വലതു വിങ്ങിലൂടെ ബോക്സിലേക്ക് മസ്റൂഇ തൊടുത്ത ഷോട്ട് സിമോൺ കൈപിടിയിലൊതുക്കുകയായിരുന്നു. 52-ാം മിനിറ്റിൽ ഡാനി ഒൽമോയുടെ ഷോട്ട് മൊറോക്കൻ ഗോൾകീപ്പർ യാസീൻ ബൗനോ തട്ടിയകറ്റി. സ്പാനിഷ് കോച്ച് ലൂയിസ് എൻറിക് 63-ാം മിനിറ്റിൽ ഗാവിയെയും അസെൻസിയോയെയും പിൻവലിച്ച് കാർലോസ് സോളറിനെയും അൽവാരോ മൊറാട്ടയെയും ഇറക്കി. 70-ാം മിനിറ്റിൽ ഒൽമോ നൽകിയ പാസിൽ ബോക്സിനകത്ത് അവസരം സൃഷ്ടിച്ച് ഗോളാക്കാനുള്ള മൊറാട്ടയുടെ നീക്കം മൊറോക്കൻ പ്രതിരോധനിര തടഞ്ഞു. 76-ാം മിനിറ്റിൽ സ്പാനിഷ് പ്രതിരോധ താരം ലപോർട്ടയ്ക്ക് ഹകീമിക്കെതിരായ ഫൗളിന് മഞ്ഞക്കാർഡും കിട്ടി. 90ാം മിനുട്ടിൽ റൊമൈൻ സെസ്സിന് മഞ്ഞക്കാർഡ് വാങ്ങേണ്ടിവന്നു. 95ാം മിനുട്ടിൽ സ്പെയിന്റെ ഒൽമോയെടുത്ത ഫ്രീകിക്ക് ബുനോ തട്ടിയകറ്റുകയായിരുന്നു.

